# ബൈബിൾ ട്രൂത്ത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE | J. C. CHOATE

*** *** ***

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 6 September 1992 No. 6

## എഡിറേറാറിയൽ

അടുത്ത സമയത്തു പൊഴിയൂർ എന്ന സ്ഥലത്തെ വ്യാജവാററ് അവസാനിപ്പിച്ചു എന്നു പത്രം മുഖേന നിങ്ങൾ എല്ലാവരും വായിച്ചിരിക്കുമല്ലോ. ആ പ്രവൃത്തിയെ ഒരു വിഭാഗം ജനങ്ങൾ ഒഴിച്ച് എല്ലാവരും മുക്തകണ്ഠം പ്രശംസിക്കയുമുണ്ടായി. എന്നാൽ ഈ കാര്യത്തിൽ പിന്നീട് നടന്ന ചില പ്രസ്താവനകൾ ആണ് എന്നെ കൂടുതൽ ചിന്തിപ്പിച്ചതു. രാഷ്ട്രീയക്കാർ, തങ്ങളുടെ കഴിവുകൊണ്ടാണ് ഇതു പൂർണ്ണമായി നടപ്പാക്കുവാൻ കഴിഞ്ഞതെന്നു അവകാശപ്പെട്ടു പ്രസംഗിക്കുമ്പോൾ; അതല്ല തങ്ങൾക്കാണ് ഇതിന്റെ ക്രെഡിററ് വേണ്ടതു എന്ന് അവകാശപ്പെട്ടു മതാദ്ധ്യക്ഷന്മാരും പ്രസംഗിച്ചു നടക്കുന്നു. സാമൂഹ്യസേവനം ആരു ചെയ്താലും അതു നന്മയെ മാത്രം ഉദ്ദേശിച്ചുകൊണ്ടാണെങ്കിൽ നന്ന്. മറിച്ച് പ്രശംസക്കും സൽകീർത്തിക്കും വേണ്ടിയാണ് ചെയ്യുന്നതെങ്കിൽ അതു അപലപനീയം തന്നെ. അതു എത്ര ഉന്നത സ്ഥാനത്തിരിക്കുന്നവരായാലും ശരിയാണ്. മദ്യം ഉണ്ടാക്കുവാനും വില്പന നടത്തുവാനും കുടിക്കുവാനും മൗനാനുവാദം നല്കിയ മതമേധാവികൾ അവരുടെ വരുമാനത്തിന്റെ ഒരു ഭാഗം കൈപ്പററുകയും ചെയ്തിട്ട് ഇപ്പോൾ അതു നിർത്തൽ ചെയ്തതിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് വാദിക്കുന്നു. പക്ഷെ; ഈ മദ്യത്തിന്റെ പിടിയിലമർന്ന് നശിച്ച കുടുംബങ്ങളുടേയും ക്രെഡിററ് ഇവർ ഏററു വാങ്ങിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

പി. കെ. വർഗീസ്

# ചൊറിയുന്ന ചെവികൾ

## J. C. ചോട്ട്

ദൈവ നിർമ്മിതമായ ശരീരത്തിലെ ഒരവയവമായ ചെവിയുടെ പ്രാധാന്യം എടുത്തു പറയാതെ തന്നെ സുപരിചിതമാണ്. അതേ സമയം ആ ചെവി എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് പ്രശ്നം. പല വിധത്തിലാണ് ചെവിയുടെ ഉപയോഗം ഇന്നും എന്നും കാണപ്പെടുന്നത്. അപ്പോസ്തലനായ പൗലൊസ് യുവ ഉപദേഷ്ടാവായിരുന്ന തിമൊഥെയോസിനെ ചുമതലപ്പെടുത്തി നിർദ്ദേശിക്കുന്നതു ശ്രദ്ധിക്കുക. "ഞാൻ ദൈവത്തെയും, ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനേയും സാക്ഷി വെച്ചു അവന്റെ പ്രത്യക്ഷതയും രാജ്യവും സത്യം ചെയ്തു കല്പിക്കുന്നത്: വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങി നില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക; അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണ രസമാകുമാറ് സ്വന്ത മോഹങ്ങൾക്കൊത്ത വണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിന്നു ചെവി കൊടുക്കാതെ കെട്ടു കഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും. നീയോ സകലത്തിലും നിർമ്മദൻ ആയിരിക്ക; കഷ്ടം സഹിക്ക; സുവിശേഷകന്റെ പ്രവൃത്തി ചെയ്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക" (2 തിമൊഥെയോസ് 4:1-5).

വചനം പ്രസംഗിക്കുവാനാണ് പൌലൊസ് തിമൊഥെയോസിനോടു ആജ്ഞാപിക്കുന്നതെങ്കിലും ചൊറിച്ചിലുള്ള ചെവികൾ ഉള്ളവർ ഭാവിയിൽ പത്ഥ്യോപദേശം ആഗ്രഹിക്കാതെ പുതിയതെന്തെങ്കിലും വേണമെന്നാണ് അവർ ചിന്തി

ക്കുന്നത്. അതു കൊണ്ട് അവർ സത്യം വിട്ടു കളഞ്ഞ് കെട്ടുകഥകൾ കേൾപ്പാൻ തിരിയുന്ന കാലം വരും എന്നു മുൻകൂട്ടി അറിഞ്ഞിരിക്കണം.

മറ്റൊരു അവസരത്തിൽ പൌലൊസ് തിമൊഥെയൊസിനോടു എഴുതി അറിയിക്കുന്നതു: "എന്നാൽ ഭാവി കാലത്തു ചിലർ വ്യാജാത്മാക്കളേയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവ് തെളിവായി പറയുന്നു. അവർ സ്വന്തമനസാക്ഷിയിൽ ചൂടുവെച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കേണം എന്നു കല്പിക്കയും ചെയ്യും. എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലതു; സ്തോത്രത്തോടെ അനുഭവിക്കുന്നുവെങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല; ദൈവ വചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലൊ(1 തിമൊഥെയോസ് 4:1-5).

എഫെസോസ് സഭയിലെ മൂപ്പന്മാർക്ക് കൊടുക്കുന്ന പ്രബോധനം ഇതോടു യോജിക്കുന്നതാണ്. നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച ആട്ടിൻ കൂട്ടം മുഴുവനേയും സൂക്ഷിച്ചു കൊൾവിൻ. ഞാൻ പോയ ശേഷം ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേല്ക്കും. അതുകൊണ്ടു ഉണർന്നിരിപ്പിൻ; ഞാൻ മൂന്നു സംവൽസരം രാപ്പകൽ ഇടവിടാതെ കണ്ണുനീർവാർത്തുംകൊണ്ടു ഓരോരുത്തന്നു ബുദ്ധി പറഞ്ഞു തന്നതു ഓർത്തു കൊൾവിൻ (പ്രവൃത്തികൾ 20:28-31). അപ്പൊസ്തലൻ അവിടെ വിശ്വസ്തതയോടെ തന്നെ സത്യം പഠിപ്പിച്ചിരിക്കുന്നു.

എങ്കിൽ പോലും സഭക്ക് പുറത്തു നിന്നും കൊടിയ ചെന്നാ യ്ക്കൾ വന്നു കൂട്ടത്തെ വിഴുങ്ങി കളയും എന്നാണ്. അതാ യതു കർത്താവിൻെറ ജനത്തെ ഇവർ വഞ്ചിക്കും എന്നർത്ഥം. തന്നെയുമല്ല; അകത്തുള്ള വരിലും ചിലർ എഴുന്നേററു തെററു സംസാരിക്കുകയും ശിഷ്യന്മാരെ അവരുടെ കൂടെ പിടിച്ചു വലിച്ചു കൊണ്ടു പോകുമെന്നും ദൈവാത്മാവ് പൌലൊ സിനു വെളിപ്പെടുത്തി കൊടുത്തു. ശരിയായ ഉപദേശത്തെ അവഗണിച്ച് ദുരുപദേശം കേൾക്കാൻ അവരുടെ കാതുകൾ വിട്ടു കൊടുക്കും എന്നർത്ഥം.

പൌലൊസ് അഥേനയിലായിരുന്നപ്പോൾ അവൻ അവി ടെയുള്ളവരോടു ക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പി നെ കുറിച്ച് പ്രസംഗിച്ചു. രേഖയിൽ ഈവണ്ണം നാം വായി ക്കുന്നു. എപ്പിക്കൂര്യരും സ്തോയിക്കരും ആയ തത്വജ്ഞാ നികളിൽ ചിലർ അവനോടു വാദിച്ചു. ഈ വിടുവായൻ എ ന്തു പറവാൻ പോകുന്നു എന്നു ചിലരും അവൻ യേശുവി നേയും പുനരുത്ഥാനത്തെയും പ്രസംഗിക്ക കൊണ്ടു; ഇവൻ അന്യദേവതകളെ ഘോഷിക്കുന്നവൻ എന്നു തോന്നു ന്നു എന്നു മററുചിലരും പറഞ്ഞു. പിന്നെ അവനെ പിടി ച്ചു അരയോപക കുന്നിൻമേൽ കൊണ്ടു ചെന്നു; നീ പ്രസ് താവിക്കുന്ന ഈ നവീനോപദേശം ഇന്നതു എന്നു ഞങ്ങൾ ക്കു അറിയാമോ ? നീ ചില അപൂർവ്വങ്ങളെ ഞങ്ങളുടെ ചെ വിയിൽ കടത്തുന്നുവല്ലൊ; അതു എന്തു എന്നു അറിവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. എന്നാൽ അഥേനർ ഒക്കെയും അവിടെ വന്നു പാർക്കുന്ന പരദേശികളും വല്ല പുതുമയും പറകയോ കേൾക്കയോ ചെയ്‌വാനല്ലാതെ മററൊ ന്നിനും അവസരമുള്ളവരല്ല (പ്രവൃത്തി 17:18-21). അഥേന യിലുണ്ടായിരുന്ന ആളുകൾക്കു പൌലൊസിൻെറ പ്രസംഗ ത്തെ പ്രതികരിക്കാൻ കഴിഞ്ഞതു പുതുമയോടുള്ള അവരുടെ ഭ്രമമായിട്ടായിരുന്നു.

മുൻപു പ്രസ്താവിച്ച വേദ ഭാഗങ്ങളെല്ലാം ചില വസ് തുതകളെ സൂചിപ്പിക്കുന്നവയാണ്. വിശ്വാസികളാകട്ടെ,

അവിശ്വാസികളാകട്ടെ ദൈവത്തിന്റെ സത്യം കേൾക്കുന്നതിലുപരി വ്യത്യസ്ഥമായ, മുൻപ് കേട്ടിട്ടില്ലാത്ത എന്തെങ്കിലും കേൾക്കുന്നതിൽ അവർ തൃപ്തി കണ്ടെത്തിയിരുന്നു. കേട്ടു തഴമ്പിച്ച കാര്യങ്ങൾ വീണ്ടും കേൾക്കുവാൻ അവർ തയ്യാറല്ല. ചൊറിയുന്ന ചെവിയുള്ളവർ എന്നതുകൊണ്ട് അർത്ഥമാക്കുന്നതു അതാണ്. യേശുക്രിസ്തു പലപ്പോഴും ചെവിയുള്ളവരോടു സംസാരിക്കുമ്പോൾ പറഞ്ഞത് "ചെവിയുള്ളവൻ കേൾക്കട്ടെ" എന്നത്രേ. അവർ അവന്റെ ഉപദേശം കൈക്കൊൾവാൻ സന്നദ്ധരായില്ല എന്നു സാരം. കർണ്ണങ്ങൾക്കു ഇമ്പമുള്ള കാര്യങ്ങൾ കേൾക്കുവാനായി അവർ വെമ്പൽ കൊള്ളുന്നു. അതുകൊണ്ടു അവർ കർത്താവിന്റെ വഴികളെ ചോദ്യം ചെയ്യുകയും തുടർന്നു മനുഷ്യരുടെ ഉപദേശങ്ങൾക്കു ചെവികൊടുക്കയും ചെയ്യും. പലപ്പോഴും ഇങ്ങനെ സംഭവിക്കുമ്പോൾ നമുക്കു ആശ്ചര്യം തോന്നാം. എങ്കിലും അതു എല്ലാതലമുറയിലും സംഭവിക്കുന്നുണ്ട്. ഇന്നും കർത്താവിന്റെ സത്യമായ ഉപദേശത്തെ വിട്ടു നാമധേയ വിഭാഗങ്ങളുടെ പഠിപ്പിക്കലിലേക്കുതിരിയുന്നുണ്ട്. അതു ദൈവ വചനത്തിന്നു വിരുദ്ധമായാലും താത്വികമായി അനുചിതമായാലും ശരി ഏതാനും ആളുകൾ ആ ഉപദേശം സ്വീകരിക്കും.

കർത്താവിന്റെ സഭയിൽ പോലും ചിലർക്ക് ബൈബിളിലെ അടിസ്ഥാനപരമായ ഉപദേശങ്ങൾ കേട്ടു മുഷിച്ചിൽ അനുഭവപ്പെടുന്നു. അവർ പുതിയതെന്തെങ്കിലും ആവേശകരമായി കേൾക്കുവാൻ ആഗ്രഹിക്കും. ഒരാളുടെ രീതിയിലും പ്രസംഗശൈലിയിലും മനം മടുക്കുന്നതു കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതു എന്നു ചിന്തിക്കുന്നവർ കാണും. ഇവർക്ക് കുറെ കഴിയുമ്പോൾ അവരുടെ ഭാര്യമാരെയും മടുത്തു എന്നു പറയാൻ ധൈര്യപ്പെടുന്ന സ്വഭാവവും കണ്ടേക്കാം. ദൈവ വചന കേൾവി ഒരു വിനോദ പരിപാടിയായി കണക്കാക്കരുത്. തങ്ങളുടെ പരിജ്ഞാനം വളർത്തുവാനോ കഴിവുകളെ ഉപയോഗിക്കുവാനോ അവർ ഒരുങ്ങാതെ അപകടകരമായ സ്ഥിതിയിലേക്ക് മാറുകയാണ് ചെയ്യുന്നത്. തങ്ങ

ളുടെ ചെവികൾക്ക് കുളിർമ്മയുണ്ടാക്കുക എന്ന ലക്ഷ്യം അവരെ ദുരുപദേശങ്ങൾക്ക് അടിമകളാക്കുവാൻ സാഹചര്യമൊരുക്കുകയാണ്. അനേകർക്ക് ഈ വിധത്തിലുള്ള വിപത്തു നേരിട്ടിട്ടുണ്ട്.

പ്രിയ സ്നേഹിതരേ, സഹോദരന്മാരേ, ദയവു ചെയ്തു തിരുവെഴുത്തിൽ നല്കിയിട്ടുള്ള മുന്നറിയിപ്പുകൾ വിവേക പൂർവ്വം സൂക്ഷിച്ച് ഗ്രഹിക്കുക. സത്യത്തിനു പകരമായി മറ്റൊന്നില്ല. ജഡത്തേക്കാൾ ആത്മാവിന് പ്രാധാന്യം കൊടുക്കുക. രസപ്രദമായ പലതും അസത്യവും അപ്രായോഗികവുമായിരിക്കും. രണ്ടാമതൊരു ചിന്തക്കു സ്ഥാനമില്ലാതെ സത്യമായ ഏക വഴി നമ്മുടെ കർത്താവ് ഒരുക്കിയിട്ടുണ്ടല്ലൊ. അതിനു മാത്രം ചെവികൊടുക്കുക. കർത്താവ് തന്നെയാണ് വഴിയും സത്യവും ജീവനും. അതു നാം ഒരിക്കലും മറക്കരുത്.

***

# ഇത് മതഭ്രാന്തിന്റെ ലക്ഷണം

## പൊറേരി വിജയൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

"ക്രിസ്തീയ ഗ്രന്ഥങ്ങൾ സ്വന്തം കൈ കൊണ്ട് എഴുതി ഉണ്ടാക്കിയത് നിമിത്തം അവർക്ക് നാശം വരും" (ഖുറാൻ: 78-79). അപ്പോൾ നാശം വരുമോയില്ലയോ എന്ന് തിട്ടപ്പെടുത്തുന്നത് ഈ പണ്ഡിതൻമാരുടെ സദസ്സും ഖുറാനുമാണ്. തങ്ങളുടെ പുസ്തകമായ ഖുറാനും, 'ഹദീസ്' ഗ്രന്ഥങ്ങളും മാത്രമേ സത്യമായുള്ളുവെന്നും മറ്റുള്ളവ ശുദ്ധ അസംബന്ധങ്ങളാണെന്നുമാണ് ഈ പണ്ഡിതൻമാരുടെ

അഭിപ്രായം. ഏതാണ് അസംബന്ധമെന്ന് നമുക്ക് ഈ ലേഖനത്തിന്റെ അവസാന ഭാഗത്ത് പരിശോധിക്കാം.

മൗലവിയുടെ പുസ്തകത്തിന്റെ മറ്റൊരു സ്ഥലത്തെ തലക്കെട്ടു തന്നെ 'ദുസ്വഭാവിയായ യേശു' എന്നാണ്. തുടർന്നു പറയുന്നു; "ദൈവമോ ദൈവ പുത്രനോ ആകുന്നതിരിക്കട്ടെ പരിശുദ്ധമായ ഒരാത്മാവിന്റെ ഉടമയോ ഒരു പ്രവാചകനോ, അതുമല്ലെങ്കിൽ ഒരുപരിഷ്ക്കർത്താവ് പോലുമോ ആകാനുള്ള യാതൊരു യോഗ്യതയുമില്ലാത്ത വ്യക്തിത്വമാണ് യേശു ക്രിസ്തുവിന് ബൈബിൾ നല്കീട്ടുള്ളത്." (ബൈബിളിന്റെ വിശ്വസനീയത-P-58) തുടർന്ന് പറയുന്നതിങ്ങനെയാണ്; "ബൈബിൾ പ്രകാരം യേശു ക്ഷിപ്രകോപിയായിരുന്നു. തന്നെ വിശ്വസിക്കാത്തവരുടെ നേരെ അദ്ദേഹം ഉഗ്രമായി കയർക്കുമായിരുന്നു." (Ibid-P-58,59)

ഏതൊരു കഠോര ഹൃദയന്റേയും ഹൃദയത്തിനെ നൊമ്പരപ്പെടുത്തുന്ന ഇത്തരം വചനങ്ങൾ ഒന്നുകിൽ അപരിഷ്കൃതമാണ്, അല്ലെങ്കിൽ തനി മതഭ്രാന്തു നിമിത്തമാണ്. ഏതായാലും ഒരു മത ഭ്രാന്തനല്ലാത്തയാൾക്ക് യേശു ക്രിസ്തുവിനെ മനസ്സിലാക്കാൻ വലിയ പാണ്ഡിത്യമൊന്നും വേണ്ട. കാരണം, വളരെ ലളിതമായ രീതിയിൽ ലഭിക്കുന്ന ബൈബിളും മററും, മുൻധാരണകൾ നീക്കിവെച്ച് വായിച്ചാൽ അദ്ദേഹത്തിന്റെ വ്യക്തിത്വവും മഹത്വവും മനസ്സിലാക്കാം.

ജനാബ് മുഹമ്മദ് അമാനി മൗലവി സ്ഥാപിച്ച് കൊണ്ടു വരുന്നത്, ഖുറാനും മുഹമ്മദ് നബിയ്ക്കും മാത്രമേ മഹത്വമുള്ളു എന്നതാണല്ലോ. അവയെപ്പററി നമുക്ക് പരിശോധിക്കാം.

## ഖുറാനിലെ അന്യമത വിദ്വേഷം:

1 "മതം അള്ളാഹുവിനാകുന്നതു വരെ അവരോട് (അമുസ്ലീംഗളോട്) യുദ്ധം ചെയ്യുക" (ഖുറാൻ 2:193). ലോകം മുഴുവൻ ഇസ്ലാമീക വൽക്കരിക്കപ്പെടുന്നതു വരെ അന്യമതസ്ഥരോട് പോരാടണമെന്നല്ലേ ഈ വചനത്തിനർത്ഥം?

2 "ഹേ, വിശ്വസിച്ചവരേ, നിങ്ങൾ യഹൂദികളേയും ക്രിസ്ത്യാനികളേയും മിത്രങ്ങളാക്കിവെക്കരുത്'' (ഖുറാൻ-5:54)

ഇത് ചൂണ്ടിക്കാട്ടുമ്പോൾ, അത് അക്കാലത്തെ അവസ്ഥയെ നേരിടാൻ പറഞ്ഞതാണെന്നും ഇപ്പോളിവ ബാധകമല്ലെന്നും ചിലർ തട്ടിവിട്ട് ഖുറാനെ രക്ഷപ്പെടുത്താറുണ്ട്. എന്നാൽ, "അള്ളാഹുവിന്റെ വാക്കുകൾക്ക് മാററം വരുത്തലില്ല'' (ഖുറാൻ-10:64) എന്നാണ് പ്രമാണം. അപ്പോൾ, ഇസ്ലാമിലെ ചില നടപടികൾ അംഗീകരിക്കുകയും മററ് ചിലത് അംഗീകരിക്കാതിരിക്കുകയും പാടില്ല എന്നർത്ഥം (വിശുദ്ധ ഖുർആൻ വിവരണം വാല്യം-1, പേജ്-340 കാണുക.) "ജനഹിത മനുസരിച്ച് വചനം മാററരുത്'' (Ibid-P-1020). അതായത് യാതൊരു മാററവും വരുത്താതെ അതിലെ വചനങ്ങൾ എക്കാലവും അനുസരിക്കണമെന്ന്.

3 ഖുറാനും ഹദീസും അനുസരിക്കുന്നവർ ചെയ്യേണ്ടത്, മററ് മതവിശ്വാസികളോട് ഇസ്ലാം മതം സ്വീകരിക്കാൻ പറയുക. ഇസ്ലാം മതം സ്വീകരിക്കാത്ത പക്ഷം, "അവരുടെ ഇടയിൽ ഒരു കൂട്ടക്കൊല നടത്തുക, അവരെ കണ്ടുമുട്ടുന്നിടത്തു വെച്ച് കശാപ്പുചെയ്യുക.'' അവശേഷിക്കുന്നവരെ ബന്ധിക്കുകയോ വധിക്കുകയോ പ്രതിഫലം പററി സ്വതന്ത്രരാക്കുകയോ ചെയ്യുക.'' (ശരിയത്ത് ആധുനിക സമൂഹത്തിൽ-P-74-ൽ ഉദ്ധരിച്ച് ചേർത്തത്). ഇതൊന്നും അനുസരിക്കാത്ത മുസ്ലീമിന് ഇഹലോകത്ത് അപമാനവും പരലോകത്ത് ശിക്ഷയുമാണ് ഫലമത്രേ! അന്യമതസ്ഥനെ വെട്ടിക്കൊന്നാൽ സ്വർഗ്ഗം കിട്ടുമെന്നാണ് മുസ്ലീങ്ങളുടെ വിശ്വാസം. ഈ വസ്തുതകൾ, സ്വാമി വിവേകാനന്ദനെപ്പോലുള്ള വളരെ ചുരുക്കം വ്യക്തികൾ മാത്രമെ തുറന്നു കാട്ടിയിട്ടുള്ളു. അദ്ദേഹം പറഞ്ഞു :

"....ഇത്രയധികം ചോര ചിന്തിയതും മററു മനുഷ്യരോട് ഇത്രകണ്ട് നിഷ്ഠൂരമായി പെരുമാറിയതുമായ വേറൊരു മതവുമില്ല. 'ഈ ഉപദേശങ്ങളിൽ വിശ്വസിക്കാത്തവൻ കൊല്ലപ്പെടണം' എന്ന ഒരു പ്രമാണം ഖുറാനിലുണ്ട്....''

**[There is not been a religion which has shed so much blood and been so cruel to other men. In the koran, there si the doctrine that a man who does not believe these teachings should be killed, it is a mercy to kill him ! And the surest way to get to heaven..." (Rousing Call to Hindu Nation-P-132)**

ദൈവത്തിങ്കൽസത്യമതം ഇസ്ലാംമാത്രമാണെന്നാണ് അവരുടെ ധാരണ. "മുസ്ലീമായ മനുഷ്യൻ മാത്രമെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളു" (സഹീഹ് മുസ്ലീം-ഒന്നാം വാള്യം, അദ്ധ്യായം-82. പേജ് 394) എന്നും അവർ വിശ്വസിക്കുന്നു, അവരുടെ ദൃഷ്ടിയിൽ, അമുസ്ലീംഗളൊക്കെ, കാഫിറുകളും. മുനാഫിഖുകളും, ഫാസിഖു (തോന്നിവാസി) കളുമാണല്ലോ !

"മുസ്ലീമിനെ അല്ലാഹു ഇഷ്ടപ്പെടുകയും അമുസ്ലീമിനെ വെറുക്കുകയും ചെയ്യുന്നു" (ഖുത്തുബാത്ത്-P-10, 1963)എന്ന് മൗലാനാ മൗദൂദിയെ എഴുതാൻ പ്രേരിപ്പിച്ചത് വിശുദ്ധ ഖുറാനാണ് എന്നതാണ് യാഥാർത്ഥ്യം.

മുസ്ലീംലീഗിൻെറ രൂപീകരണത്തിന് ചേർന്ന യോഗത്തിൽ വിതരണം ചെയ്ത 'ലാൽ ഇസ്തഹാർ' എന്ന ലഘുലേഖ പറയുന്നു:

"ഹേ, മുസൽമാൻമാരെ ഉണരൂ, എഴുന്നേൽക്കു. ഹിന്ദുക്കൾ പഠിക്കുന്ന സ്ക്കൂളിൽ നിങ്ങൾ പഠിക്കരുത്. ഹിന്ദുക്കടയിൽ നിന്ന് സാധനം വാങ്ങരുത്, ഹിന്ദുവിൻെറ കൈകളാൽ നിർമ്മിക്കപ്പെട്ട ഒന്നും തൊടുകപോലും ചെയ്യരുത്. ഹിന്ദുവിന് കീഴിൽ ഒരു ജോലിയും സ്വീകരിക്കരുത്. നീ അജ്ഞനാണ്. നിങ്ങൾ അറിവുള്ളവരായാൽ എല്ലാഹിന്ദുക്കളേയും നിങ്ങൾ 'ജെഹിന്ന' മിലേക്ക് (നരകത്തിലേക്ക്) പറഞ്ഞു വിടും. നിങ്ങൾ ഈ പ്രവിശ്യയിലെ ഭൂരിപക്ഷജനതയാകൂ. ഹിന്ദുവിന് അവൻേറതായി സമ്പത്തൊന്നും തന്നെയില്ല. നിൻെറ സമ്പത്ത് അപഹരിച്ചാണവർ പണക്കാരായത്.

ന്നീ വേണ്ടത്ര ബോധവാനായാൽ ഹിന്ദുക്കൾ പട്ടിണിക്കാരാവുകയും തുടർന്ന് വേഗത്തിൽ മുഹമ്മദൻമാരാവുകയും ചെയ്യും" (ഈ ഉദ്ധരണി 'വിഭജനത്തിന്റെ ദുഃഖ കഥ'-P-39, 'വീണ്ടും നാൽപത് പാക്കിസ്ഥാനോ'-P18, ആർ. സിമജ്‌തുംദാരിന്റെ 'History of the freedom Movement in India-വാള്യം പതിനൊന്ന്, പേജ്-54-55 ഇവയിലുണ്ട്). ഇങ്ങനെ തനിവർഗ്ഗീയത മുസ്ലീംലീഗിനെക്കൊണ്ട് എഴുതിപ്പിച്ചതും 'വിശുദ്ധ ഖുറാനാണ്'. ഈ വർഗ്ഗീയതകൾ തുറന്നു കാട്ടുന്നവരെ വർഗ്ഗീയ വാദികൾ എന്നു പറയാനാണ് പലർക്കും തിടുക്കം എന്നത് കഷ്ടം തന്നെ !

**വൈരുദ്ധ്യങ്ങൾ-** അമാനിമൗലവിയുടെ അഭിപ്രായത്തിൽ, ബൈബിൾ വൈരുദ്ധ്യങ്ങളുടെ ഒരു സമാഹാരമാണ്. എന്നാൽ ഖുറാനിൽ വൈരുദ്ധ്യമേയില്ല എന്നാണ് വാദം. "ഈ ഗ്രന്ഥം (ഖുറാൻ) അല്ലാഹുവിൽ നിന്നല്ലായിരുന്നുവെങ്കിൽ അനേകം വൈരുദ്ധ്യങ്ങൾ അവർ കണ്ടെത്തിയേക്കുമായിരുന്നു" (ഖുറാൻ 4:82).മൗലവിയും കൂട്ടരും ഒററ വൈരുദ്ധ്യവും അതിൽ കണ്ടിട്ടുണ്ടാവില്ല. എന്നാൽ വൈരുദ്ധ്യങ്ങളുടെ ഒരു സമാഹാരമാണ് ഖുറാൻ എന്നതത്രേ സത്യം. ഉദാഹരണം :

1 ''അവരുടെ ഹൃദയങ്ങളിൻ മേൽ നാം ചില ആവരണങ്ങളിടും. ഖുർആൻ അവർ ഗ്രഹിക്കാതിരിക്കുവാൻ അവരുടെ ചെവികളിൽ നാം ബാധിര്യമിട്ടു കൊടുക്കുകയും ചെയ്യും'' (17:46, 16:37). ജനങ്ങളെ നേർവഴിക്ക് നയിക്കാൻ ദൂതരെ നിയമിക്കുക; ഗ്രന്ഥം ഇറക്കിക്കൊടുക്കുക; മലക്കിനെ അയച്ചുപദേശിക്കുക, ഇതൊരുവശം. മറുവശത്താകട്ടെ ദൂതന്റെ വാക്കുകളും ഗ്രന്ഥവും ശ്രവിക്കാതിരിക്കാൻ അവരുടെ ശ്രവണ ശക്തി ഇല്ലാതാക്കുക. ഗ്രാഹ്യശക്തി തടസ്സപ്പെടുത്തുമാറ് ഹൃദയങ്ങൾക്ക് ആവരണമിടുക. അല്ലാഹുവിന്റെ ഇരട്ടത്താപ്പ്! (M.B.K-മുഹമ്മദും ഖുറാനും ഒരു എക്സ്റേ പരിശോധന).

2 "എല്ലാ നബിമാർക്കും, മനുഷ്യരിലും ജിനുകളിലും പെട്ട പിശാചുക്കളെ ശത്രുക്കളായി നാം നിയോഗിച്ചിട്ടുണ്ട്" (6:112). "ഓരോ നാട്ടിലും കുതന്ത്രങ്ങൾ പ്രയോഗിക്കേണ്ടതിന് അവിടത്തെ ദുഷ്ടൻമാരിൽ തലവൻമാരെ നാം നിയോഗിച്ചിട്ടുണ്ട്" (6:123). അപ്പോൾ നായകരേയും വില്ലരേയും നിയമിക്കുന്നത് അള്ളാഹുതന്നെ. എന്നിട്ടവർ അങ്കം വെട്ടുന്നത് കണ്ടു രസിക്കുന്ന സർവ്വജ്ഞനും !
(M. B. K.)

## ദേശവിരുദ്ധം:

ഖുറാൻ 4:98 അനുസരിച്ചാണ് ഇന്ത്യാവിഭജനം നടത്തിയത് എന്ന് കാണാൻ കഴിയും. അല്ലെങ്കിൽ കുഫ്റ് വ്യവസ്ഥയെ ഇസ്ലാമിക വ്യവസ്ഥയാക്കി അവിടെത്തന്നെ കഴിയാം (മൗദൂദി-ഖുറാൻ ഭാഷ്യം P-126). ഹിക്കുമത്ത് ഇ-ഇലാഹി (അള്ളാഹുവിൽ വിശ്വാസമർപ്പിച്ച രാഷ്ട്രത്തോട്) മാത്രമെ മുസ്ലീംഗൾ കൂറ് പ്രകടിപ്പിക്കാവു എന്നാണ് മൗദൂദി ആജ്ഞാപിക്കുന്നത് (ദേശാഭിമാനി ദിനപ്പത്രം-2-12-90-M. N. സത്യാർത്ഥിയുടെ ലേഖനത്തിൽ നിന്ന്). കാശ്മീർ പ്രശ്നത്തിൻെറ മൂലകാരണവും ഇതിൽ അങ്കുരിച്ചുനിൽക്കുന്നു.

"ഒരു മുസ്ലീമിൻകൂറ് അവൻ ജീവിക്കുന്ന രാജ്യത്തോടല്ല; അവൻെറ സ്വന്തം മതത്തോടാണ്. മുസ്ലീമിന് രാഷ്ട്രഭക്തി, ദേശഭക്തി, എന്നിവ ചിന്തിക്കാൻ പോലും കഴിയാത്ത സംഗതിയാണ്" എന്ന് അമ്പേദ്ക്കറെക്കൊണ്ട് എഴുതിപ്പിച്ചതും യാഥാർത്ഥ്യബോധത്തോടുകൂടിയാണ്
('Thoughts on Pakistan' P-325. II nd Edition Bombay-1945)

## വിഡ്ഢികളുടെ മതഗ്രന്ഥമേത് ?

ഖുറാനൊഴികെ മറെറല്ലാ മതഗ്രന്ഥങ്ങളും അബദ്ധമാണ് എന്നാണല്ലോ മൗലവിയുടെ ധാരണ, അവയെപ്പററി നമുക്കിവിടെ പരിശോധിക്കാം.

1 മാതാപിതാക്കളും മകളും ഭർത്താവും മാത്രം അവകാശികളായി വരുന്ന വിധം ഒരു സ്ത്രീ മരിച്ചാൽ ഖുറാൻ പറഞ്ഞതനുസരിച്ച് മാതാപിതാക്കൾക്ക് ആറിലൊന്നുവീതവും (ഖുറാൻ 4:11), മകൾക്ക് പകുതിയും (ഖുറാൻ 4:11), ഭർത്താവിന് കാൽഭാഗവും (ഖുറാൻ 4:12) അവകാശമായി ലഭിക്കേണ്ടതാണ്. എന്നാൽ ഗണിതശാസ്ത്ര പ്രകാരം $\frac{1}{6}+\frac{1}{6}+\frac{1}{2}+\frac{1}{4}=1\frac{1}{12}$ എന്നു കാണാം. അപ്പോൾ ഖുർആനിൽ പറഞ്ഞ പ്രകാരം ഓഹരി വെക്കണമെങ്കിൽ $1\frac{1}{2}$ ഭാഗം സ്വത്ത് പുറമേ നിന്ന് കൂട്ടേണ്ടിവരും (മുസ്ലീം വർഗ്ഗീയത ഇന്ത്യൻ രാഷ്ട്രീയത്തിൽ-P-93)

2 "മാതാക്കൾ അവരുടെ ശിശുക്കൾക്ക് രണ്ട് കൊല്ലം മുല കൊടുക്കണം" (ഖുറാൻ 2:233). "അവനെ ഗർഭം ധരിച്ചുകൊണ്ടിരുന്നതും അവൻെറ മുലകുടി പ്രായവും കൂടി 30 മാസമാണ്" (46:15). മുലകുടി പ്രായമായ രണ്ട് വർഷം, മുപ്പതു മാസത്തിൽ നിന്ന് കുറവുചെയ്താൽ ലഭിക്കുന്ന ഗർഭകാലം 6 മാസമായിരിക്കും. ഖുറാനിൽ ഗർഭകാലം ആറ് മാസം! (മുസ്ലീം വർഗ്ഗീയത ഇന്ത്യൻ രാഷ്ട്രീയത്തിൽ P-94). ഇങ്ങനെ ഖുറാനിൽ എത്രവേണമെങ്കിലും വിഡ്ഢിത്തങ്ങൾ കാണാൻ കഴിയും.

ബൈബിളിനെ അടച്ചാക്ഷേപിക്കുന്നതിനുമുമ്പ്, യേശു ക്രിസ്തു ദുസ്വഭാവിയും മനുഷ്യത്വമില്ലാത്തയാളുമാണെന്ന് എഴുതിവെക്കുന്നതിനു മുമ്പ് അവയെപ്പററി നന്നായി മനസ്സിലാക്കേണ്ടതാണ്. അടച്ചാക്ഷേപമോ പുലഭ്യം പറയലോ അല്ല, യഥാർത്ഥ വിമർശനമാണ് വേണ്ടത്. മററുള്ളവരുടെ കണ്ണിലെ കരടിനെപ്പററി ചിന്തിക്കുന്നതിനു മുമ്പ്, തൻെറ സ്വന്തം കണ്ണിലെ കോലിനെ പ്പററി ചിന്തിക്കുക. ഏതായാലും "ഇവരെന്താണീ ചെയ്യുന്നത് എന്ന് ഇവർക്കു പോലുമറിയില്ല; അതുകൊണ്ടവർക്ക് മാപ്പു കൊടുക്കേണമേ" എന്നു പ്രാർത്ഥിക്കുവാൻ തോന്നുന്നു.

***

സ്ത്രീകൾക്കുവേണ്ടി

# മക്കൾ വളരാതിരിക്കുമ്പോൾ

ബെററി, ബി ചോട്ട്

ഞങ്ങളുടെ സ്നേഹിതരായ ദമ്പതികൾക്ക് ഒരു കുട്ടി ജനിച്ചു. ആരംഭത്തിൽ സാധാരണ ശിശുക്കളെ പോലെ തന്നെ ആയിരുന്നു. എന്നാൽ മാസങ്ങൾ പിന്നിട്ടപ്പോൾ അവരുടെ മനസ്സിൽ ഭയങ്കരമായ ഭീതി നിഴലിട്ടു. കുട്ടി തിരിയുവാനോ മറിയുവാനോ ശ്രമിക്കുന്നില്ല, ഇഴഞ്ഞു നീന്തുവാനോ എഴുന്നേല്ക്കുവാനോ ശ്രമിക്കുന്നില്ല. ആകൃതിയിലും വളർച്ചയിലും ശിശുവിന്റെ പോലെ തന്നെ ഇരുന്നു. മാതാപിതാക്കളുടെ ഹൃദയം നുറുങ്ങി. അവർ സ്വപ്നം കണ്ടതു പോലെ ആ കുട്ടി വളർന്നു ബലമുള്ള ഒരു യുവാവായി ഒരിക്കലും മാറുകയില്ല എന്നു അവർ വിചാരിച്ചു ലോകത്തിൽ അവൻ ഒരിക്കലും തന്റെ ഉത്തരവാദിത്വം നിറവേററുകയില്ലല്ലോ എന്നു തോന്നി. ഒരു പക്ഷേ ആ കുഞ്ഞിന്റെ രോഗം അവനെ അകാല ചരമത്തിലേക്ക് പോലും എത്തിക്കുമെന്നു അവർ കരുതി. ഏതൊരു രക്ഷകർത്താക്കൾക്കും ഇത്തരം സാഹചര്യത്തിൽ ദുഃഖമുണ്ടാകും.

നമുക്കും നമ്മുടെ കുട്ടികൾ ഭൗതികമായി വളർന്നില്ലെങ്കിൽ ദുഃഖമുണ്ടാകും തീർച്ചയാണ്. എന്നാൽ ആത്മീകമായി ആളുകൾ വളരാത്തതിന്റെ കാരണത്തെ കുറിച്ച് ചിന്തിക്കാതിരിക്കുന്ന ഖേദകരമായ വസ്തുത ഒന്നോർത്തു നോക്കു!

"നിങ്ങൾ വീണ്ടും ജനിക്കണമെന്നു" യോഹന്നാൻ 3:3-ൽ പറയുന്നു. ആകയാൽ നാം ഓരോരുത്തരും ദൈവ കുടുംബത്തിൽ ശിശുക്കളായി ജനിക്കുകയാണ്. പുതിയതും തുടക്കക്കാരുമായ നാം പരാശ്രയത്തോടെ വളരുവാൻ വെമ്പൽ കൊള്ളുന്ന അവസ്ഥയിലാണ് അപ്പോൾ.

ഒരു കുട്ടി എങ്ങനെയാണ് വളരുന്നത് ? ആരോഗ്യപ്രദമായ ശരീരത്തിനു, പോഷണവും വ്യായാമവും, സ്നേഹത്തോടു കൂടിയ പരിലാളനയും ആവശ്യമാണ്. ആത്മീയമായി വീണ്ടും ജനിക്കപ്പെട്ട കുട്ടികൾ (വ്യക്തികൾ) രോഗമില്ലാത്തവരാക്കി മാറ്റപ്പെട്ടവരാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകി വൃത്തിയാക്കപ്പെട്ടവരാണ്. അതുകൊണ്ട് തികവുള്ള ആത്മീയ മനുഷ്യനായിട്ടാണ് നാം രൂപാന്തരപ്പെടുന്നതു. ക്രിസ്തുവിന്റെ സ്നേഹത്തോടുകൂടിയ കഴുകൽ ഒരു വ്യക്തിയെ പുതിയ സൃഷ്ടിയാക്കി മാറ്റുന്നു (വെളിപ്പാട് 1:5).

ദൈവ ഭവനത്തിൽ ജനിക്കപ്പെടുന്ന ശിശുക്കൾക്കു പിതാവിന്റെ സ്നേഹവും വാത്സല്യവും ധാരാളമായി കിട്ടുന്നു. പുതുതായി ജനിക്കുന്ന കുട്ടികളോട് പൊതുവെ മാതപിതാക്കൾക്കു സ്നേഹം കൂടുതലായിരിക്കും. യോഹന്നാൻ തന്റെ ലേഖനത്തിൽ ദൈവമക്കളോടു ദൈവത്തിനുള്ള സ്നേഹം വ്യക്തമാക്കുന്നുണ്ട്. "യേശു ദൈവ പുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവ വസിക്കുന്നു. ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ;സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു;ദൈവം അവനിലും വസിക്കുന്നു (1യോഹന്നാൻ 4:15-16).

അതുകൊണ്ടു ഏതൊന്നിലാണ് നമുക്കു കുറവുള്ളതു ? പോഷണത്തിലും വ്യായാമത്തിലും. പത്രോസ് പറഞ്ഞിരിക്കുന്നതു, "ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ വളരുവാൻ മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ" കലർപ്പില്ലാത്ത വചനം പഠിച്ച് വേണം ശിശുക്കൾ വളരുവാൻ, ദൈവ വചനമാകുന്ന പുതിയ നിയമം അതുപോലെ തന്നെ പഠിക്കുവാൻ കർത്താവിന്റെ ഭവനമാകുന്ന അവന്റെ സഭയിൽ എല്ലായ്പോലും ഉണ്ടാകണം. ഏതൊരു ആത്മീയ ശിശുവിനും അതു ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്.

നിസാരമായ ചില സത്യങ്ങൾ കൂടെ നാം പഠിക്കേണ്ട തുണ്ട്. ദൈവ വചനമെന്ന പാൽ ... ഭൗതികമായി കുട്ടികൾ ആദ്യം പാൽ കുടിച്ച് വളർച്ച പ്രാപിച്ചാലേ അവർക്കു കട്ടി യായ ആഹാര പദാർത്ഥങ്ങൾ കഴിക്കാൻ സാധിക്കൂ. അതു പോലെ ആത്മീയമായി നാം വളർന്നില്ലെങ്കിൽ ദഹിക്കാൻ പററാത്ത പലതുണ്ട്. തിരുവെഴുത്തിലെ പച്ചക്കറികളും പഴ വർഗ്ഗങ്ങളും മാംസങ്ങളുമെല്ലാം ചിലർക്കു ഗ്രഹിക്കാൻ പ്ര യാസമുള്ള സത്യങ്ങളായി അവശേഷിക്കാൻ കാരണം അവർ വളരാതിരിക്കുന്നതു കൊണ്ടാണ് "പാൽ കുടിക്കുന്ന വൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവന ത്രേ; അവൻ ശിശുവല്ലൊ. കട്ടിയായുള്ള ആഹാരം നന്മ തിന്മകളെ തിരിച്ചറിവാൻ തഴക്കത്തിൽ അഭ്യസിച്ച ഇന്ദ്രിയ ങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പററുകയുള്ളു (എബ്രായർ 5:13-14).

പക്ഷെ ഈ സത്യമാകുന്ന പാലിനു വേണ്ട യഥാർത്ഥ വിശപ്പ് നമുക്ക് ഇല്ല എന്നു വിചാരിക്കുക. നമ്മുടെ ശരീര ത്തിനു എന്തു സംഭവിക്കും ? ഞാൻ മുൻപു സൂചിപ്പിച്ച ആ സ്നേഹിതരുടെ കുട്ടിയെ പോലെ നാമും വളരാതിരിക്കും. അങ്ങനെയെങ്കിൽ നിസ്സഹായരായ, ആരോഗ്യമില്ലാത്ത ബല ഹീനരായ ആത്മീയ ശിശുക്കളായി തന്നെ നാം അവശേഷി ക്കും. അതു നമ്മുടെ പിതാവിനു എത്ര ദുഃഖമുളവാക്കും എന്നു ചിന്തിച്ചു നോക്കു. നാം വളരണമെന്നു ദൈവം ആ ഗ്രഹിക്കുന്നു.

ശരിയായ വളർച്ചക്കു ഭൗതികമായും ആത്മികമായും വ്യായാമം ആവശ്യമാണ്. ആത്മീയ വ്യായാമം എന്നാൽ പരീ ക്ഷണങ്ങളും പ്രതിസന്ധികളും തരണം ചെയ്തു കരുത്ത് ആർജ്ജിക്കുക എന്നർത്ഥം. ദൈവഭവനത്തിൽ പ്രവർത്തി ച്ചുകൊണ്ടു നാം പഠിച്ച സത്യം മററുള്ളവരെ പഠിപ്പിച്ച് രോ ഗികളെ ശുശ്രൂഷിക്കുകയും പ്രായം ചെന്നവർക്കു വേണ്ട സഹായം ചെയ്യുകയും മററുള്ളവരുടെ പ്രശ്നങ്ങൾ പരിഹ രിച്ച് ആവശ്യങ്ങൾ അറിഞ്ഞ് നിറവേററുകയും വേണം.

പ്രശ്നങ്ങൾ നേരിടുമ്പോൾ ദൈവത്തിൽ ആശ്രയിച്ച് വേണം അതിനെ അതിജീവിക്കുവാൻ.

എന്നാൽ നാം ആത്മീയമായി അഭ്യാസം നടത്തിയില്ലെന്നു വിചാരിക്കുക. നമ്മുടെ ആത്മീയ ശരീരത്തിനു എന്തു സംഭവിക്കും ? നമ്മുടെ ആത്മിയ പേശികളെ നാം വളർത്തുകയോ ശക്തിപ്രാപിപ്പിക്കയോ ചെയ്യുകയില്ല. നാം ഒരിക്കലും ഒരു ദൈവ പൈതലായി സ്വയമായി എഴുന്നേല്ക്കുകയോ നടക്കുകയോ ചെയ്യാതിരിക്കും.

പോഷണ കുറവിന്റേയും വ്യായാമ കുറവിന്റേയും ഫലമായി ആത്മീയമായി അകാല മൃത്യു കൈവരിക്കേണ്ടി വരും.

ജനിക്കുമ്പോൾ അരോഗദൃഢഗാത്രരും ശക്തരുമായ ദൈവത്തിന്റെ മക്കൾ ഒരിക്കലും വളരാത്തതു കാണുമ്പോൾ എത്ര ദുഃഖമുണ്ടാകും; ദൈവം അതു കണ്ടു എത്രമാത്രം വിഷമിക്കും! അവരുടെജീവന് ആധാരമായ ഭക്ഷണം ഒന്നും കഴിക്കാതെ അവർ അവസാനം മരിക്കുന്നതു കാണുമ്പോൾ ദൈവ മനസ്സിൽ വേദന നിറയുകയില്ലേ ?

മാർത്താ, മറിയം എന്നീ രണ്ടു സ്ത്രീകളെ കുറിച്ച് നാം ബൈബിളിൽ വായിക്കുന്നുണ്ട്. "പിന്നെ അവർ യാത്ര പോകയിൽ അവൻ ഒരു ഗ്രാമത്തിൽ എത്തി; മാർത്താ എന്നു പേരുള്ള ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു."

"അവൾക്കു മറിയ എന്നൊരു സഹോദരി ഉണ്ടായിരുന്നു. അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്നു അവന്റെ വചനം കേട്ടുകൊണ്ടിരുന്നു."

നിങ്ങൾ ദൈവേഷ്ട പ്രകാരം വളരുന്നുണ്ടോ ? ഇല്ലെങ്കിൽ ഇന്നു തന്നെ പ്രതിവിധി ചെയ്യണം. ദൈവത്തെ നിങ്ങൾ ദുഃഖിപ്പിക്കയില്ലല്ലൊ.

★

# നരകം ഒരു യാഥാർത്ഥ്യമോ?

## ഡില്ലാർഡ് തമാൻ

വഴങ്ങാത്തതും ദൈവ വചനത്തിൽ കത്തിയിറക്കുന്നതുമായ സ്വഭാവം യെഹോയാക്കീമിനു (യിരമ്യാ:) മാത്രമല്ലായിരുന്നു ഉണ്ടായിരുന്നതു. വേദ പുസ്തകത്തിൽ തങ്ങൾക്കു അനിഷ്ടമെന്നു തോന്നിയ ഭാഗങ്ങൾ അവർ നീക്കം ചെയ്തിരുന്നു. നഷ്ടപ്പെടുന്ന ആത്മാക്കൾക്കു നിത്യ നാശം അല്ലെങ്കിൽ നരകം ഉണ്ടെന്നുള്ള വസ്തുതയും ഇതിൽ ഉൾപ്പെടുന്നു. അനുസരണത്തേയും നീതിയേയും ദൈവം പഠിപ്പിച്ചിരിക്കുന്നതിനോടു യോജിക്കുന്നതിനു പകരം അവരുടെ പാപേച്ഛകൾക്കു അനുയോജ്യമായ രീതിയിൽ ജീവിക്കേണ്ടതിന്നു അവർ താല്പര്യപ്പെടുന്നു. നിത്യശിക്ഷയെ കുറിച്ചു ദൈവം നല്കിയിട്ടുള്ള മുന്നറിയിപ്പുകളെ ഏതാനും പേർ തള്ളിക്കളയുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നു. 1932-ൽ ഒരു മത സംഘടന തങ്ങളുടെ സുവിശേഷ യോഗത്തിൽ "നരകം ഉണ്ടോ ഇല്ലയോ എന്നു വോട്ടിലൂടെ കണ്ടെത്താൻ നോക്കി. ഭൂരിഭാഗവും "നരകം ഇല്ല" എന്നു രേഖപ്പെടുത്തി. അങ്ങനെ അവർ അതു പാസാക്കിയെടുത്തു. ദൈവ വചനത്തെ അവർ ദുർബ്ബലമാക്കി.

കുററവാളികൾ ശിക്ഷിക്കപ്പെടാതിരിക്കയും നിരപരാധികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന സമ്പ്രദായങ്ങളാണ് ഇന്നു കോടതിയിൽ നാം കാണുന്നതു. തെററുകൾ വർദ്ധിക്കുവാൻ ഒരു കാരണം ഇതാണെന്നു പറയാം. നിയമത്തെ ലംഘിക്കുന്നവർക്കു തക്കതായ ശിക്ഷ കൊടുക്കണം എന്ന പൊതുവായ നിയമം ഇന്നു ഏതു രാജ്യത്തിലാണ് ഇല്ലാത്തത്? നിയമ പാലകർ നീതിക്കു വേണ്ടി നില കൊള്ളണം. ഭരണം ശക്തമല്ലാതെ വരുമ്പോൾ അനീതി തലപൊക്കി

നില്ക്കും. നിയമത്തെ മലിനപ്പെടുത്തുന്നവരെ ശിക്ഷിക്കണ മെന്നാണ് നീതി ആവശ്യപ്പെടുന്നതു.

സ്നേഹത്തെക്കുറിച്ചു പ്രസംഗിക്കുന്നതിനേക്കാൾ എ ളുപ്പമാണ് വെറുക്കുവാൻ. വെറുപ്പിനേക്കാൾ സ്നേഹ ത്തെ പററി പറയുവാൻ എളുപ്പമാണ്. ശിക്ഷയേക്കാൾ പ്ര തിഫലത്തെ സംബന്ധിച്ചു പ്രസംഗിക്കുവാൻ; അതു കേൾ ക്കുവാനും ആളുകൾ ഇഷ്ടപ്പെടുന്നു. അതുപോലെ ദൈവ ത്തിൻെറ കരുണയെകുറിച്ചു വാചാലമായി പ്രസംഗിക്കാം. പക്ഷേ പ്രതികാരത്തെയോ തീക്ഷ്ണതയെ കുറിച്ചോ ?സ്വർ ഗ്ഗത്തെയും സ്വർഗ്ഗീയ മേന്മയെയും എടുത്തുകാണിക്കു വാൻ പലർക്കും കഴിയും. അതേ സമയം നരകത്തെ തൊടാ തെ വിട്ടു കളയും. എന്നാൽ ഒരു യഥാർത്ഥ ദൈവ ദാസൻ "ദൈവത്തിൻെറ ആലോചനയെ ഒട്ടും മറെച്ചു വെക്കരുതു" എല്ലാം വെളിപ്പെടുത്തി കൊടുക്കണം എന്നർത്ഥം (പ്രവൃ ത്തി 20: 27). ദൈവം സ്നേഹമാകുന്നു (1യോഹന്നാൻ 4:8). പക്ഷെ അവൻ ദഹിപ്പിക്കുന്ന അഗ്നിയുമാണ് (എബ്രായർ 12:29). ദൈവത്തിൻെറ സ്വഭാവം നാം പൂർണ്ണമായി അറി ഞ്ഞിരിക്കണം.

## സാർവ്വദേശീയമായി വിശ്വസിക്കപ്പെടുന്ന നരകം !

തിന്മക്കുള്ള ദൈവീക ശിക്ഷ എന്ന ആശയത്തെ തള്ളി കളയുന്നതു ന്യൂനപക്ഷം മാത്രം. നീതിപൂർവ്വമായ ജീവിത ത്തിനു പ്രതിഫലം നല്കുന്നതിനു വിപരീതമായി ദുഷ് ടത പ്രവർത്തിക്കുന്നവർക്കു അതിനുള്ള ഫലവും കൊടുക്ക ണമല്ലൊ.ജീവിത സ്വഭാവ രൂപീകരണത്തിനു പ്രതിഫലവും ശിക്ഷയും വേണം "വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നെ കൊ യ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നി ന്നു നിത്യജീവനെ കൊയ്യും." (ഗലാത്യർ 6:7-8). മനഃപ്പൂർവ്വ മായി ദൈവത്തിൽ നിന്നകന്നു മനം തഴമ്പിച്ചു പോകുന്നവർ

ക്കു ഭയങ്കരമായ ശിക്ഷ അനുഭവിക്കേണ്ടി വരും. "എന്നാൽ നിൻെറ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിൻെറ നീതിയുള്ള വിധി വെളിപ്പെടുന്ന 'കോപ ദിവസത്തേക്കു നിനക്കു തന്നെ കോപം ചരതിച്ചു വെക്കുന്നു. അവൻ ഓരോരുത്തന്നു അവനവൻെറ പ്രവൃത്തിക്കു തക്ക പകരം ചെയ്യും (റോമർ 2:5-6). ദൈവത്തിൻെറ പ്രകൃതി നിയമങ്ങളെ ലംഘിക്കുന്നവർ അതിൻെറ ഫലം അനുഭവിക്കുന്നത് കാണാം. അപ്പോൾ പിന്നെ ആത്മീയമായി ദൈവ കല്പനകൾ നിഷേധിക്കുന്നവരെ വെറുതെ വിടുമോ? ഏതൊരു പ്രവൃത്തിക്കും അതിൻേറതായ രണ്ട് വശങ്ങൾ ഉണ്ടെന്നു ആരും സമ്മതിക്കും. ഈ കാര്യത്തിലും മറിച്ചൊരു ചിന്ത നമുക്ക് ഉണ്ടാകാൻ പാടില്ല.

## നീതിയും ശരിയും ശിക്ഷ ആവശ്യപ്പെടുന്നു.

ഏതൊരു നിയമത്തിൻേറയും സ്ഥിരീകരണം അനുസരിക്കാതിരിക്കുന്നവർക്കുള്ള ശിക്ഷയും കൂടെ ഉൾപ്പെടുത്തി കൊണ്ടാണ് നടപ്പിൽ വരുത്തുന്നത്. നിയമത്തെ ലംഘിക്കുന്നവൻ പിഴ കൊടുക്കണം അല്ലെങ്കിൽ നിയമം പരാജയപ്പെടുമല്ലൊ. ന്യായ പ്രമാണമോ നീതിമാന്നല്ല, അധർമ്മികൾ, അഭക്തർ, അനുസരണം കെട്ടവർ, പാപികൾ, അശുദ്ധർ, ബാഹ്യന്മാർ, പിതൃഹന്താക്കൾ, മാതൃ ഹന്താക്കൾ, കുലപാതകർ, ദുർന്നടപ്പുകാർ, പുരുഷ മൈഥുനക്കാർ, നരമോഷ്ടാക്കൾ, ഭോഷ്ക്കു പറയുന്നവർ, കള്ളസത്യം ചെയ്യുന്നവർ എന്നീ വകക്കാർക്കും പത്ഥ്യോപദേശത്തിന്നു വിപരീതമായ മററു പലതിനും അത്രേ വെച്ചിരിക്കുന്നത് എന്നു ഗ്രഹിച്ചു കൊണ്ടു അതിനെ ന്യായോചിതമായി ഉപയോഗിച്ചാൽ ന്യായപ്രമാണം നല്ലതു തന്നേ എന്നു നാം അറിയുന്നു (1തിമൊഥെയോസ് 1:8-10) നിയമം നീതിമാനെ വലയ്ക്കുന്നതിനല്ല; ദുഷ്ടൻെറ പ്രവൃത്തിയെ തടയുന്നതിന് വേണ്ടിയാണ്.

## ബൈബിൾ നരകത്തെ വ്യക്തമാക്കുന്നു.

അകൃത്യത്തിനെതിരായി ദൈവത്തിന്റെ കോപവും ക്രോധവും എടുത്തു കാണിക്കുന്നുണ്ട്. ദുഷ്ടനു പ്രതികാരം നല്കുന്ന വ്യവസ്ഥ തെററാണെന്നു സമ്മതിക്കാൻ സാദ്ധ്യമല്ല. സ്വർഗ്ഗത്തെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന അതേ ഗൗരവത്തിലും ഭാഷയിലും ആണ് നരകത്തെ സൂചിപ്പിച്ചിരിക്കുന്നത്. ദൈവീക കാരുണ്യത്തേയും പ്രതിഫലത്തേയും രേഖപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തിൽ ഇതു കൂടെ ഉൾപ്പെടുത്താതിരുന്നാൽ അതു നന്മക്കും തിന്മക്കും തമ്മിൽ വ്യത്യാസമില്ലാതാകും. ദുഷ്പ്രവൃത്തിക്കാർക്ക് നിത്യ ദണ്ഡനം അനുഭവിക്കേണ്ടി വരും എന്നു കർത്താവ് പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. എന്നിരുന്നാലും ദൈവം സ്നേഹവും കരുതലും പരിഗണനയും ഉള്ളവനാണ്. തെററു ചെയ്യുന്നവരെ ശിക്ഷിക്കുന്നത് ഒരിക്കലും ക്രൂരതമാകയില്ല. അനുഗ്രഹവും ശിക്ഷയും കാണിച്ചു കൊണ്ടു ദൈവം മുന്നറിയിപ്പുകൾ നല്കിയതു, വിശ്വസിക്കാതിരിക്കുന്നവർക്ക് അനുഭവത്തിലൂടെ മാത്രമെ മനസ്സിലാകു.

### നരകം എന്നേക്കുമുള്ളതു.

സ്വർഗ്ഗമുള്ള കാലത്തോളം നരകവും ഉണ്ടാകും. സ്വർഗ്ഗീയമായ വാസം നിത്യമായതു കൊണ്ടു നരക വാസവും നിത്യമാണ്. യേശു ക്രിസ്തു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ടവരേ എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യ ജീവങ്കലേക്കും പോകും (മത്തായി 25:41,46). പിശാചിനെ അവസാനം എന്തു ചെയ്യുമെന്നു യോഹന്നാനുണ്ടായ വെളിപ്പാടിൽ കാണുന്നു. "അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ള പ്രവാചകന്മാരും കിടക്കുന്ന ഗന്ധക തീപ്പൊയ്കയിലേക്കു തള്ളിയിടും,

***

# വീക്ഷാ ഗോപുരത്തിലെ യഹോവ

## സാജു ജോർജ്

(കഴിഞ്ഞലക്കത്തിന്റെ തുടർച്ച)

വീക്ഷാഗോപുരക്കാരുടെ സ്വന്തമായ ബൈബിൾ ഭാഷാന്തരത്തിലും യോഹന്നാൻ സ്നാപകന്റെ ജന്മദിനം ആഘോഷിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു "And you will have joy and great gladness, and many will rejoice over his birth" (Luke 1:14. NWT).—"നിനക്ക് സന്തോഷവും ഉല്ലാസവും ഉണ്ടാകും; അവന്റെ ജനനത്തിങ്കൽ പലരും സന്തോഷിക്കും -" ലൂക്കോസ് 1:14.

യോഹന്നാൻ സ്നാപകന്റെ ജനനം ഉല്ലാസത്തിന്റേയും സന്തോഷത്തിന്റേയും അവസരമായെങ്കിൽ, ദൈവ ഭക്തനായ ഇയ്യോബിന്റെ മക്കൾ അവരുടെ ജന്മദിനത്തിൽ സന്തോഷത്തോടു കൂടി വിരുന്നു കഴിക്കുകയും ചെയ്തുവെങ്കിൽ ഫറവോന്റെയും ഹേരോദാവിന്റേയും ജന്മദിനത്തെ മാത്രം മാതൃകയായും, നിയമമായും ഉപയോഗിക്കുന്നതിൽ.... ജന്മദിനം ആഘോഷിക്കുന്നത് വിലക്കുകയും ചെയ്യുന്നതിൽ എത്ര മാത്രം അടിസ്ഥാനവും സത്യസന്ധതയും ഉണ്ട്?

### 5. പുറപ്പാട് 3:14

God Said to moses"I AM WHO I AM" and he said, "say this to the people of Israel, "I AM" has sent me to you" (RSV) ദൈവം മോശയോട്- "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു...."

കർത്താവായ യേശുക്രിസ്തു 'ഞാൻ ആകുന്നവൻ' (IAM) എന്നു സ്വയം അവകാശപ്പെടുമ്പോൾ തന്റെ ദൈവീകത്വത്തെയാണ് വെളിപ്പെടുത്തുന്നത് എന്ന് ലോകത്തെങ്ങു

മുള്ള യഥാർത്ഥ ക്രിസ്ത്യാനികൾക്ക് അറിയാവുന്ന കാര്യമാണല്ലോ. യഹൂദന്മാർ ക്രിസ്തുവിന്റെ ഈ അവകാശവാദം കേട്ടപ്പോൾ പ്രതിവചിച്ചത് "നിനക്കു അൻപതു വയസ്സ് ആയിട്ടില്ല; നീ അബ്രഹാമിനെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. യേശു അവരോട്: ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു; അബ്രഹാം ജനിച്ചതിന്നു മുൻപെ **ഞാൻ (Iam)** ഉണ്ടു...." (യോഹന്നാൻ 8:57-58). യേശുക്രിസ്തുവിനെ എതിർക്കുന്നവർപോലും ക്രിസ്തു പറഞ്ഞത് തിരിച്ചറിഞ്ഞു. കാരണം 59-ാം വാക്യത്തിൽ 'അവർ അവനെ എറിവാൻ കല്ല് എടുത്തു' എന്ന് കാണുന്നു. യേശു 'ഞാൻ ആകുന്നവൻ' (IAM)എന്ന് അവകാശപ്പെട്ടത് ദൈവ ദൂഷണമെന്ന് വിശ്വസിച്ചു കൊണ്ട്, ദൈവ ദൂഷണം പറയുന്നവരെ കല്ലെറിഞ്ഞു കൊല്ലണം എന്ന നിയമ പ്രകാരം പ്രവർത്തിക്കുവാൻ ശ്രമിക്കുകയായിരുന്നു.

യഹോവ സാക്ഷികൾ യേശുക്രിസ്തു മിഖായേൽ എന്ന പ്രധാന മാലാഖ (Michael the archangel) യാണ് എന്നും; ക്രിസ്തു ഒരിക്കലും താൻ ദൈവമാണെന്ന് അവകാശപ്പെട്ടിട്ടില്ല എന്നും പറയും. അവരുടെ ഉപദേശത്തോട് തിരുവെഴുത്തുകൾ യോജിക്കേണ്ടതിനായി അവരുടേതായ ബൈബിൾ ഭാഷാന്തര (translation) ത്തിൽ ചില്ലറ മാററങ്ങൾ വരുത്തും. പുറപ്പാട് 3:14-ൽ (NWT)-ൽ **"This is what you are to say to the sons of Israel; I SHALL PROVE TO BE has sent me to you"**. "ഇതാണ് നീ യിസ്രായേൽ ജനതയോട് പറയേണ്ടത്; ഞാൻ എന്ന് തെളിയിക്കപ്പെടേണ്ടവൻ എന്നെ അയച്ചിരിക്കുന്നു." അതുപോലെ തന്നെ യോഹന്നാൻ 8:58-ൽ **"most truly I say to you, Before Abraham Came into existence, I have been"** "സത്യമായിട്ടും ഞാൻ നിങ്ങളോടു പറയുന്നു അബ്രഹാം ഉണ്ടാകുന്നതിനു മുൻപെ ഞാൻ ഉള്ളവനായിരുന്നു." അങ്ങനെ യേശുക്രിസ്തു യോഹന്നാൻ 8:58-ൽ പറയുന്ന കാര്യവുമായി പുറപ്പാട് 3:14-ന് യാതൊരു ബന്ധവും ഉണ്ടെന്ന് തോന്നാത്ത തരത്തിലാക്കി.

വീക്ഷാഗോപുരക്കാർ അന്നും ഇന്നും തിരുവെഴുത്തുകളെ കോട്ടികളയകുന്നത് മനസ്സിലാക്കുന്നതിന് **Greek Hebrew** പണ്ഡിതന്മാരാകേണ്ടതില്ല; യഹോവസാക്ഷികളുടെ തന്നെ(**study Bible**) ബൈബിളും യേശു ക്രിസ്തു 'ഞാൻ ആകുന്നവൻ' എന്ന് അവകാശപ്പെടുന്നകാര്യം സമ്മതിക്കുന്നു. 1984-ലെ '**New world translation of the Holy scri ptures with References**' ൽ പുറപ്പാട് 3:14-ൻെറ **Foot Note** അടിയിലായി ഞാൻ ആകുന്നവൻ എന്ന എബ്രായ പദത്തിൻെറ യവന (**Greek**) പദം "**Ego eimi**" (**I am**)എന്നാണ് എന്നു പറയുന്നുണ്ട്. 1985-ലെ **Kingdom Interlinear trans lation of the Greek scriptures**-ൽ യോഹന്നാൻ 8:58 ൻെറ **foot Note**-ൽ "**ego eimi**"(അതായത് പുറപ്പാട് 3:14-ൽ യഥാർത്ഥമായി പറയുന്ന അതേ അർത്ഥം—(**I am**)-ഞാൻ ആകുന്നവൻ എന്നു തന്നെയാണ് രേഖപ്പെടുത്തിയത്. അപ്പോൾ പുറപ്പാട് 3:14 ലും യോഹന്നാൻ 8:58-ലും '**Ego eimi**' എന്ന പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് പറഞ്ഞിരിക്കുമ്പോൾ പുറപ്പാട് 3:14-ലെ അർത്ഥം തന്നെയല്ലേ യോഹന്നാൻ 8:58-ൽ മനസ്സിലാക്കേണ്ടത് ?

തുടരും

# സ്നേഹ സന്ദേശം

പൊരേരി വിജയൻ

പുലർ കാലേയെണീറ്റപ്പോൾ ദിവ്യസന്ദേശം കേട്ടു
അതിലെ ഉൽബോധനം ഹൃത്തിനെ ത്രസിപ്പിച്ചു.
സ്നേഹിക്ക മനുഷ്യനെ സ്നേഹിക്ക മൃഗത്തിനെ
സ്നേഹിക്ക വിശ്വത്തിന്റെ അധിനായകനേയും.

പിന്നെ ഞാൻ കേട്ടതെല്ലാം മർത്യനെ ചിന്തിപ്പിക്കും
സത്യമാം വചനങ്ങൾ, ഉന്നത ചിന്താധാര.
തന്നെപ്പോലെ തന്റെ അയൽ പക്കക്കാരനേയും
സ്നേഹിച്ചിടുവാനുള്ള അമൃത ഉൽബോധനം.

ഇത്തരം മഹോന്നത വാക്യത്തെ സ്പർശിക്കാത്ത
മർത്യരാണല്ലോ രാജ്യ ദ്രോഹത്തിന്നുറവിടം
വിഘടനവാദത്തിനും ഭീകര വാദത്തിനും
വിത്തിതിൻ വിരളതയെന്നു ഞാനോർത്തു പോയി

ഇത്തരം മഹത്‌വാക്യം ലോകത്തിന്നുപകാരം
ഇത്തരം ചിന്താധാര ലോകത്തിന്നത്യാവശ്യം
മർത്യനെ മാനുഷിക മൂല്യത്തിൽ വാർത്തിടുവാൻ
എത്രയും പ്രിയപ്പെട്ട സന്ദേശ മിതുതന്നെ.

ധാർഷ്ട്യവും കാപട്യവും കാട്ടുന്ന മനുഷ്യർക്ക്
മോചനത്തിനായ് നൽകാമിത്തരം സന്ദേശങ്ങൾ
ദേശപോഷണത്തിനായ് ദിവ്യമാം സന്ദേശങ്ങൾ
സത്വരം നമുക്കെല്ലാമെത്തിക്കാം ജനതയ്ക്ക്.

മർത്യനെ മാനവനായ് കാണുവാനുതകുന്ന
സ്പഷ്ടമാം മഹത്‌വാക്യം ശിഷ്ടരാക്കീടും നമ്മെ.
ഒന്നിച്ചു പുൽകാം നമുക്കിത്തരം മഹത്‌വാക്യം
ഭിന്നത പരിത്യജിച്ചൊന്നിക്കാം നമുക്കുടൻ,

***

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജെ.

## V സർദ്ദീസിലെ സഭ (വെളി 3:1-6)

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

— കർത്താവേ, കർത്താവേ, നിൻെറ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിൻെറ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിൻെറ നാമത്തിൽ വളരെ വീര്യ പ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ (കർത്താവിൻെറ ന്യായ വിധി സമയത്തു) എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല. അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും.'' (മത്താ.7:22,23). അതിനാൽ അധർമ്മം പ്രവർത്തിക്കുന്ന ഈ വക പ്രസ്ഥാനക്കാരുടെ വഞ്ചനയിലും കെണികളിലും അകപ്പെട്ട് നിരപരാധികൾ നിരാശരാകാതിരിപ്പാൻ ജനമേ, സൂക്ഷിച്ചു ഒഴിഞ്ഞുകൊള്ളുക.

രക്ഷിക്കപ്പെട്ടവരിൽ പരിശുദ്ധാത്മാവ് ഉണ്ടെന്നുള്ളതിന് അടയാളം എന്താണ്? മേൽ പറഞ്ഞ പ്രസ്ഥാനക്കാർ കാണിക്കുന്നതുപോലുള്ള തുള്ളലും, വെറയലും, ചാട്ടവും ബഹളവും നൃത്തവും അട്ടഹാസങ്ങളും അവ്യക്തമായ സംസാരങ്ങളും അല്ല പരിശുദ്ധാത്മാവിൻെറ നിറവ്. അങ്ങനെ കരുതുന്നെങ്കിൽ അത് എത്ര ഭോഷത്വമാണ്. വിശ്വാസികളിൽ ദൈവത്തിൻെറ പരിശുദ്ധാത്മാവ് വസിക്കുന്നു എന്നുള്ളതിൻെറ അടയാളം, പരിശുദ്ധാത്മാവിൻെറ ഫലങ്ങൾ

അവരിൽ നിന്നും പുറപ്പെടുന്നതാണ്. എന്തെല്ലാമാണ് പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ ? ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്ഥത, സൗമ്യത, ഇന്ദ്രിയജയം" (ഗലാ.5: 22-23) എന്നിവയാണ്. ഈ വക ഗുണങ്ങൾ ഉള്ളവനിലാണ് പരിശുദ്ധാത്മാവ് വാസം ചെയ്യുന്നത്.

കർത്താവ് സർവ്വരുടേയും പ്രവൃത്തികൾ നോക്കിയും കണ്ടും കൊണ്ടിരിക്കുന്നു. "ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ട് എങ്കിലും നീ മരിച്ചവനാകുന്നു." (വെളി.3:1) ജീവൻ ഉള്ളതിന്റെ ലക്ഷണമാണല്ലോ നമുക്ക് വളരാനും, പ്രവർത്തിക്കാനും, നിലനില്ക്കാനും സാധിക്കുന്നത്. എന്നാൽ ജഡത്തിൽ നിനക്ക് ജീവൻ ഉണ്ടെങ്കിലും ആത്മീയമായി നീ മരിച്ചവനാകുന്നു എന്ന് ദൈവ വചനം പ്രസ്താവിക്കുന്നു. ആത്മിക മരണം ഒരുവനിൽ എങ്ങനെ സംഭവിക്കുന്നു ? ആത്മീക ജീവൻ എങ്ങനെ നമുക്ക് ലഭിക്കും ? ആത്മിക ജീവൻ ഒരുവന്റെ ജഡീക മരണത്തിന്റെ അന്ത്യത്തോളം അവനു നിലനിറുത്താൻ കഴിയുമോ ? ആദിയായ സംശയങ്ങൾക്ക് ദൈവ വചനത്തിലൂടെ നമുക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കാം.

ദൈവം ഏദെനിൽ അതിമനോഹരമായ ഒരു തോട്ടം ഉണ്ടാക്കി. അതിൽ പാർപ്പാൻ ദൈവം മനുഷ്യനെയും സൃഷ്ടിച്ചാക്കി ദൈവം അവർക്കു ചില നിബന്ധനകളും, കല്പനകളും കൊടുത്തിരുന്നു. ദൈവം അവരോടു കല്പിച്ചത്, "എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും (ഉല്പത്തി.2:17). എന്നാൽ കാട്ടു ജന്തുക്കളിൽ കൗശലമേറിയ പാമ്പ്; ഹവ്വയെ സമീപിച്ചു ദൈവ കല്പന ലംഘിക്കുന്നതിനു അവൾക്ക് പ്രേരണ നല്കി.

"തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു" (ഉല്പത്തി.3:4). "എന്നാൽ നിങ്ങൾ

മരിക്കാതിരിക്കേണ്ടതിന്നു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്. തൊടുകയും അരുത് എന്നു ദൈവം കല്പിച്ചിട്ടുണ്ട് "(ഉല്പത്തി.3:3) ഹവ്വാ പറഞ്ഞു. "നിങ്ങാം മരിക്കയില്ല നിശ്ചയം" (ഉല്പത്തി.3:4) പാമ്പ് ഉടനെ സ്ത്രീയോടു പ്രതിവചിച്ചു. ദൈവത്തിന്റെ ശത്രുവായ പഴയ പാമ്പാകുന്ന മഹാസർപ്പമായ സാത്താന്റെ കൌശലത്തിൽ തകർന്നു വീണ മനുഷ്യർ, ജഡിക ജീവിത സുഖഭോഗങ്ങളുടെയും ഭൗതിക നേട്ടങ്ങളുടേയും ആഹ്ളാദ തിമിർപ്പിൽ ലെക്കും ലെകാനവും ഇല്ലാതെ സൃഷ്ടിതാവായ ദൈവത്തിന്റെ കല്പനകളെ നിഷ്ക്കരുണം ചവിട്ടി മെതിച്ചരച്ചു കലക്കി കളയുകയാണ്. !

"ആ വൃക്ഷ ഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു. ഫലം പറിച്ചു തിന്നു ഭർത്താവിനും കൊടുത്തു, അവനും തിന്നു." (ഉല്പത്തി.3:6)

പതിവുപോലെ അവരെ സന്ദർശിക്കാൻ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച അവർ കേട്ടു. ദൈവം അവരെ കാണാതിരിപ്പാൻ അവർ വൃക്ഷങ്ങളുടെഇടയിൽ ഒളിച്ചു. "യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു, നീ എവിടെ എന്നു ചോദിച്ചു" (ഉല്പത്തി.3:9). ദൈവം വിലക്കിയ വൃക്ഷ ഫലം തിന്നുന്നതുവരെ അവർ ദൈവവുമായി എപ്പോഴും സഹവാസത്തിലും കൂട്ടായ്മയിലും (Fellowship) ആയിരുന്നു. എന്നാൽ ദൈവ കല്പനയെ അവർ ലംഘിച്ചതിനാൽ ദൈവത്തോടു അവർ അനുസരണക്കേടു കാണിക്കയും, അവർക്ക് ദൈവ സഖിത്വത്തിൽ നിന്നും വിട്ടുമാറി ഒളിച്ചിരിക്കയും ചെയ്യേണ്ടതായി വന്നു. ദൈവിക വെളിച്ചത്തിൽ നിന്നും അന്ധകാരത്തിൽ അവർ മറയപ്പെട്ടു. ദൈവ വിശുദ്ധിയിൽ നിന്നും അവർ പാപത്തിന്റെ അശുദ്ധിയിൽ നിലംപതിച്ചു. ആത്മിക ജീവനും കൂട്ടായ്മയും അവർക്ക് എന്നന്നേക്കുമായി നഷ്ടപ്പെട്ടു. അവരിൽ ആത്മിക മരണം വന്നു ഭവിച്ചു. അവർ നിമിത്തം ഭൂമി ശപിക്കപ്പെട്ടു.

ജഡീക ജീവൻ അവരിൽ നിലനിന്നെങ്കിലും ദൈവം അവരോടു കല്പിച്ചതു പോലെ തന്നെ ആത്മിക മരണത്തിനു അവർ ഇരയായി തീർന്നു. ജീവനുള്ളവർ എങ്കിലും മരിച്ചവരാകുന്നു. ഇന്നു ലോകത്തിൽ ഏറിയ പങ്ക് ആളുകളും ആത്മിക ജീവൻ നഷ്ടപ്പെട്ടു മരിച്ച അവസ്ഥയിൽ ജഡീക ജീവിതത്തിൽ ആയിരിക്കുകയാണ്. യേശു ക്രിസ്തുവിന്റെ സത്യമായ ഉപദേശങ്ങൾക്കു നേരെ കണ്ണടച്ചു, മാനുഷിക ഉപദേശങ്ങളെയും സമ്പ്രദായങ്ങളെയും ആചാരങ്ങളെയും, കീഴ്വഴക്കങ്ങളെയും മാനിച്ച് ക്രിസ്തുമത സംഘടനാസഭ പ്രസ്ഥാനങ്ങളിൽ കടിച്ചു തൂങ്ങി കിടക്കുന്ന സകലരും ആത്മിക മരണത്തിന്റെ നെടും കയത്തിൽ വീർപ്പ് അടക്കി നീന്തി തുടിക്കുകയാണ് ചെയ്യുന്നതു. അവരുടെ പ്രവർത്തനങ്ങളും ചത്തതു തന്നെ. ഓരോരുത്തരും 'കുരുടൻ കുരുടനു വഴി കാട്ടിയായി തീരുന്നതു പോലെ തന്നെ.

ജഡത്തിന്റെ പ്രവൃത്തികളിൽ ജീവിക്കുന്നവരെല്ലാം മരിച്ചവരാണ്. "ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, (മന്ത്രവാദം) പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ എന്നു വെളിവാകുന്നു" (ഗലാ.5:19-21) "— അതിരാഗം, ദുർമോഹം, അത്യാഗ്രഹം, കോപം, ഈർഷ്യ, ദൂഷണം, ദുർഭാഷണം" (കൊലൊ.5:8) "ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക്, ദ്രവ്യാഗ്രഹം" (എഫെ.5:4) "അന്യായം വഞ്ചന, വ്യഭിചാരം, സ്വയഭോഗം, പുരുഷകാമികൾ, കള്ളന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ" (1കൊരി 6:9,10,) എന്നിവ എല്ലാമാണ്. സ്നേഹിതരേ ! ജഡത്തിന്റെ ഈ വക സ്വഭാവങ്ങൾക്ക് നിങ്ങൾ അടിമ ആണെങ്കിൽ, വാസ്തവമായി നിങ്ങൾ ആത്മികമായി മരിച്ചവരാണ്.

(ശേഷം അടുത്ത ലക്കത്തിൽ)

***

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays— 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:15 to 3:30 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram - 695034

To